(ബി) എത്ര ഒന്നാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(സി) എത്ര രണ്ടാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(ഡി) എത്ര മൂന്നാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(ഇ) പഞ്ചായത്തുകളെ ഇങ്ങനെ ഗ്രേഡുകളായി തരം തിരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്;

(എഫ്) പഞ്ചായത്തുകൾക്ക് ഗവൺമെൻറ് ഗ്രാൻറ് നൽകുന്നത് എന്തു മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ്?

ഉത്തരം

(എ) 350.

(ബി) 435.

(സി) 202.

(ഡി) 14.

(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് മൊത്തം വരുമാനം 1,75,000 രൂപയിൽ അധികമുള്ള പഞ്ചായത്തുകളെ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളായും, മൊത്തം വരുമാനം 1 ലക്ഷം രൂപയ്ക്ക് മുകളിലും 1,75,000 രൂപയ്ക്ക് ഇടയ്ക്കുമുള്ള പഞ്ചായത്തുകളെ ഒന്നാം ഗ്രേഡ് പഞ്ചായത്തുകളായും, മൊത്ത വരുമാനം 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപയ്ക്ക് താഴെയുള്ള പഞ്ചായത്തുകളെ രണ്ടാം ഗ്രേഡ് പഞ്ചായത്തുകളായും, മൊത്തം വരുമാനം 50,000 രൂപയ്ക്ക് താഴെയുള്ള പഞ്ചായത്തുകളെ മൂന്നാം ഗ്രേഡ് പഞ്ചായത്തുകളായും തരം തിരിച്ചിരിക്കുന്നു.

(എഫ്) വസ്തു കൈമാറ്റ നികുതി, ഗ്രാൻറ്, ബേസിക് ടാക്സ് ഗ്രാൻറ്, വെഹിക്കിൾ ടാക്സ്, കോംപൻസേഷൻ ഗ്രാൻറ്, എന്നിവ കേരള പഞ്ചായത്ത് ആക്ട് ആൻറ് റൂളിലെ പ്രൊവിഷനു വിധേയമായും മറ്റുള്ള ഗ്രാൻറുകൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിനു വിധേയമായും നൽകിവരുന്നു.

പഞ്ചായത്തുകളിൽനിന്നും സംഭാവന പിരിക്കുന്നതായി ആക്ഷേപം

25 [2439] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര പഞ്ചായത്തിൻെറ അതിർത്തിയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനു സ്ഥലം വാങ്ങി കെട്ടിടം കെട്ടുന്നതിനായി കേരളത്തിലെ 1001 പഞ്ചായത്തുകൾ പതിനായിരം രൂപ വീതം സംഭാവന നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും താലൂക്ക് പഞ്ചായത്ത് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിൻ പ്രകാരം പണം പിരിക്കുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി തടയാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോഴിക്കോട് ഇന്ന് നിലവിലുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറർ നിർത്തലാക്കിയോ; എങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ), (ബി) പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ–അനുദ്യോഗസ്ഥ അംഗങ്ങൾക്കും പഞ്ചായത്ത് ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥൻമാർക്കും വേണ്ടി തൃശ്ശൂർ കേന്ദ്രമാക്കി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി കേരളത്തിലെ 1001 പഞ്ചായത്തുകളിൽനിന്നു പണം പിരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കോഴിക്കോട് ഇന്ന് നിലവിലുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറർ നിർത്തലാക്കിയിട്ടില്ല.

ഇരിങ്ങാലക്കുട സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം

26 [2440] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പൊതുമരാമത്ത് പണികൾക്കായുള്ള ഇരിങ്ങാലക്കുട സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ഇരിങ്ങാലക്കുട ലോക്കൽ വർക്സ് സബ്ഡിവിഷൻ ഓഫീസിന് കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ്

27 [2441] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസൗകര്യമുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ് ഇരിങ്ങാലക്കുട മുനിസിപ്പൽ റസ്റ്റ് ഹൗസിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മുകുന്ദപുരം താലൂക്ക് പഞ്ചായത്താഫീസ് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ വക ബസ്സ്റ്റാൻറ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly